# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

# ആദ്യകുർബ്ബാന

## സ്വീകരണ ശുശ്രൂഷക്രമം

# ആദ്യകുർബ്ബാന
## സ്വീകരണ ശുശ്രൂഷാക്രമം

(സ്ഥാനാർത്ഥികൾ മുമ്പോട്ടു വന്ന് റീലിംഗസ്ന് അരികിൽ മുട്ടുകുത്തണം)

**പാട്ട്** : നിന്നിഷ്ടം ദേവാ ............ ക്രി. കീ. 390 അല്ലെങ്കിൽ ക്രി. കീ. 391

**പാഠം** : 2 തിമൊ. 1 : 3–14, 1 കൊരി. 12 : 4–28.

**പ്രബോധനം.**

കർത്താവിൽ പ്രിയ മക്കളെ,

ദൈവനാമത്തിൽ നിങ്ങളെ ഈ വലിയ ശുശ്രൂഷയിലേക്ക് സ്വാഗതം ചെയ്യട്ടെ.

വർഷങ്ങൾക്ക് മുമ്പ് നിങ്ങൾ പൈതങ്ങളായിരുന്നപ്പോൾ നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളെ ഈ ദേവാലയത്തിൽ കൊണ്ടുവന്ന് ക്രിസ്തുവിനായി പ്രതിഷ്ഠിച്ചു. അത് അവർക്കും ഈ സഭയ്ക്കും കർത്താവിനോടുള്ള വിശ്വാസപ്രഖ്യാപനമായിരുന്നു.

ഇന്ന് നിങ്ങൾക്ക് വളർച്ചയും, എല്ലാറ്റിനെക്കുറിച്ച് തിരിച്ചറിവും ഉണ്ടായി കൊണ്ടിരിക്കുന്നു. ഈ ലോകനിർമ്മാതാവായ ദൈവം നമുക്ക് പിതാവും, മനുഷ്യവർഗ്ഗത്തിന്റെ രക്ഷക്കായി വന്ന പുത്രനാം ദൈവം നമുക്ക് രക്ഷകനും, ദൈവസാന്നിധ്യം എപ്പോഴും നമുക്ക് വെളിപ്പെടുത്തിതരുന്ന വീണ്ടെടുപ്പുകാരനായ പരിശുദ്ധറൂഹാ കാര്യദർശിയുമായി നമ്മെ വഴിനടത്തുന്നു. രക്ഷക്കാവശ്യമായ ദൈവ വചനം അനുദിന സത്യാന്വേഷണ പാതയിൽ നിങ്ങൾക്ക് സഹായിയായിരിക്കട്ടെ. ശ്ലീഹന്മാരിൽ ഒരുവനായ മാർ തോമ്മാ ശ്ലീഹായിലൂടെ നമ്മുടെ പിതാക്കന്മാർക്ക് ലഭിച്ച സ്തുതി ചൊവ്വാക്കപ്പെട്ട സത്യവിശ്വാസം തലമുറകളിലേക്ക് കൈമാറാൻ ദൈവം നിങ്ങളിൽ സംപ്രീതനായിരിക്കുന്നു.

*(മാതാപിതാക്കളും തലതൊട്ടപ്പനമ്മമാരും അതാതു സ്ഥാനങ്ങളിൽ എഴുന്നേറ്റ് നിൽക്കണം)*

ക്രിസ്തു വിശ്വാസത്തിൽ നിങ്ങളെ ഉറപ്പിച്ച നിങ്ങളുടെ മാതാപിതാക്കളും, സണ്ടേസ്കൂൾ അദ്ധ്യാപകരും, പട്ടക്കാരും, തിരു സഭമുഴുവനും ഇന്ന് നിങ്ങൾക്കായി ദൈവത്തോടു പ്രാർത്ഥിക്കുന്നു. കർത്താവിന്റെ ജീവനുള്ള ശരീരത്തോട് ഒട്ടിച്ചുചേർന്ന് അധികം ഫലം കായ്പ്പാൻ ദൈവം നിങ്ങളെ വിളിക്കുന്നു. മരിച്ച് ഉത്ഥാനം ചെയ്ത കർത്താവുമായുള്ള സജീവബന്ധത്തിലേക്ക് പ്രവേശിപ്പാൻ ഇന്ന് നിങ്ങൾ വിളിക്കപ്പെടുന്നു. ക്രിസ്തു വാസ്തവമായി ഉയർത്തുവെന്ന് നിങ്ങളോടു തന്നെയും ലോകത്തോടും സുവിശേഷിപ്പാൻ നിങ്ങൾ ഇന്ന് വിളിക്കപ്പെടുന്നു.

ഏദൻ തോട്ടത്തിലെ ഫലം ആദ്യ മാതാപിതാക്കളെ ശാപഗ്രസ്തരാക്കിയെങ്കിൽ, കുരിശിലെ മരണത്തോളം അനുസരണം കാണിച്ച് സ്വയം നമുക്കായി ശാപമായി തീർന്ന യേശു ക്രിസ്തുവിന്റെ ശരീരത്തോടും, രക്തത്തോടുമുള്ള സംബന്ധവും പങ്കാളിത്തവും നമ്മെ നിത്യ ജീവിതത്തിലേക്കും മരണമില്ലായ്മയിലേക്കും നയിക്കും.

പ്രിയ മക്കളെ, നിങ്ങൾ ഇപ്പോൾ ദൈവ മുമ്പാകെയും, ഈ സഭായോഗത്തിന്റെ മുമ്പാകെയും അടുത്തുവന്നിരിക്കുന്നു. നിങ്ങൾക്ക് വേണ്ടി വർഷങ്ങൾക്ക് മുമ്പ് നിങ്ങളുടെ മാതാപിതാക്കളും, തലതൊട്ടപ്പനമ്മമാരും വിശ്വസിച്ച് ഏറ്റു പറഞ്ഞ സത്യവിശ്വാസം ഇപ്പോൾ ലജ്ജ കൂടാതെ പൂർണ്ണമനസ്സോടും, പൂർണ്ണഹൃദയത്തോടും, പൂർണ്ണ ആത്മാവോടും, പൂർണ്ണശക്തിയോടും കൂടെ വിശ്വാസത്തിന്റെ തികവോടും, പൂർണ്ണ ഗൗരവത്തോടും കൂടെ, നമ്മുടെ പിന്നാലെ ഏറ്റു പറയണം.

***സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു***
***യേശുമ്ശിഹായിൽ ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.*** } (3)

**യേശുവിനെ എന്റെ കർത്താവും എന്റെ ദൈവവും**
**എന്റെ രക്ഷകനുമായി സ്വീകരിക്കുന്നു.**

വാത്സല്യമക്കളെ, സ്വർഗ്ഗം ഇന്നു നിങ്ങളെ പ്രതിസന്തോഷിക്കുന്നു. നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളിൽ അഭിമാനം കൊള്ളുന്നു. നിങ്ങളുടെ തലതൊട്ടപ്പനമ്മമാർ നിങ്ങളെ ഓർത്ത് ദൈവത്തിന് സ്തോത്രം പറയുന്നു. തിരുസഭ അതിന്റെ സകലസന്താനങ്ങളോടും ചേർന്ന് നിങ്ങൾക്ക് സ്വാഗതം ഓതുന്നു. വിശുദ്ധ സ്നാനം മൂലം ദൈവത്തിന്റെ കൃപയാൽ അവിടുത്തെ ശരീരത്തോടിപ്പോൾ തന്നെ ഞങ്ങൾ ബന്ധിതരാണ്. ഇന്ന് ഈ വിശ്വാസം നിങ്ങൾ ഏറ്റു പറഞ്ഞതിനാൽ നിങ്ങളുടെ സ്നാനം ഏറെ അർത്ഥവത്തായി അനുഭവപ്പെടുന്നു. ഈ ഇടവക മുഴുവനും ഒന്നു ചേർന്ന് നിങ്ങൾക്കായി ദൈവത്തോട് യാചിക്കുന്നു.

വിശുദ്ധ കാതോലികവും ശ്ലൈഹികവുമായ തിരുസഭയുടെ ഭാഗമായ മലങ്കര മാർത്തോമ്മ സുറിയാനി സഭയുടെ പൂർണ്ണഅംഗത്വത്തിലേക്കും, ലോകമെങ്ങുമുള്ള തിരുസഭയുടെ കൂട്ടായ്മയിലേക്കും ക്രിസ്തുവിന്റെ തിരുശരീരമായ സഭയുടെ ബന്ധത്തിലേക്കും പരിശുദ്ധ റൂഹായാൽ നിങ്ങൾ ഇന്ന് ചേർക്കപ്പെടുന്നു. രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഇന്നും ശക്തിയോടെ തുടരുന്നതിനാൽ ദൈവത്തിനു സ്തോത്രം.

ഇന്ന് ഈ ആലയത്തിൽ ആരാധനക്കും, ഈ കുട്ടികളുടെ പ്രതിഷ്ഠയ്ക്കും സാക്ഷ്യത്തിനുമായി വന്നുചേർന്നിരിക്കുന്ന ദൈവജനമേ, പരിശുദ്ധറൂഹായുടെ

പൂർണ്ണമായ അധിവാസം ഇവരിൽ ഉണ്ടാകുന്നതിനായി നമുക്ക് നമ്മുടെ പാപങ്ങളെ ദൈവ മുമ്പാകെ ഏറ്റുപറഞ്ഞ്, വിനയപ്പെട്ട്, ദൈവകരുണക്കായി പ്രാർത്ഥിക്കാം.

### പാട്ട്

പരിശുദ്ധാത്മാവേ ശക്തി പകർന്നിടണേ
അവിടുത്തെ ബലം ഞങ്ങൾക്കാവശ്യമെന്ന്
കർത്താവേ നീ അറിയുന്നു.

1. ആദ്യനൂറ്റാണ്ടിലെ അനുഭവം പോൽ
അതിശയം ലോകത്തിൽ നടന്നിടുവാൻ
ആദിയിലെന്നപോലാത്മാവേ
അമിത ബലം തരണേ (പരിശുദ്ധാത്മവേ ........)

2. ലോകത്തിൻ മോഹം വിട്ടോടിടുവാൻ
സാത്താന്യ ശക്തിയെ ജയിച്ചിടുവാൻ
ധീരതയോടു തൻ വേല ചെയ്യാൻ
അഭിഷേകം ചെയ്തിടണേ (പരിശുദ്ധാത്മവേ .........)

3. കൃപകളും വരങ്ങളും ജ്വലിച്ചിടുവാൻ ഞങ്ങൾ
വചനത്തിൽ വേരൂന്നി വളർന്നിടുവാൻ
പിൻമഴയെ വീണ്ടും അയയ്ക്കണമേ
നിൻ ജനം ഉണർന്നിടുവാൻ (പരിശുദ്ധാത്മവേ .........)

**പട്ടക്കാരൻ** :+ ശുബഹോലാ വോലബറോ വൽറൂഹോ കാദീശോ

*അല്ലെങ്കിൽ*

പിതാവിനും ..................

ദൈവമായ കർത്താവേ, അവിടുത്തെ ദിവ്യദാനങ്ങളുടെ ഐശ്വര്യം കൊണ്ട് ഇവരെ നിറയ്ക്കേണമെ. ഇവരുടെ ജീവൻ നിനക്ക് വിലപ്പെട്ടവയാണല്ലോ. അവിടുത്തെ രക്ഷണ്യപ്രവർത്തനമായ ക്രൂശുമരണവും പുനരുത്ഥാനവും ഹൃദയം കൊണ്ട് വിശ്വസിപ്പാനും, നാവുകൊണ്ട് ഏറ്റുപറയുവാനും, അങ്ങനെ രക്ഷയുടെ അനുഭവത്തിലേക്ക് പ്രവേശിക്കുവാനും ഈ നിന്റെ അടിയാർക്ക് സഹായിക്കേണമേ. സാരാംശത്തിൽ ഒന്നായിരിക്കുന്ന പരിശുദ്ധത്രിത്വത്തിന്റെ സ്തുതിക്കും, ബഹുമാനത്തിനും, പുകഴ്ചക്കും, തിരുസഭയുടെ സമാധാനത്തിനും, കെട്ടുപണിക്കുമായി ഇവരുടെ ജീവിതം ആക്കി തീർക്കേണമേ. നിന്റെ തോട്ടത്തിൽ സത്യനടുതലയായി ഇവരെ നടേണമേ. പരിശുദ്ധറൂഹായുടെ നൽവരങ്ങളാൽ ഇവർ

അനുഗ്രഹം പ്രാപിക്കേണമേ. ഇവരുടെയെങ്കിലും, ഇവരുടെ പിതാക്കന്മാരുടെയെങ്കിലും അകൃത്യം ഇവർക്കുനേരെ ഓർക്കരുതേ. ഇവരുടെ പിഴകളെല്ലാം ക്ഷമിക്കണമേ, ദൈവമേ ഞങ്ങളോട് കരുണ ചെയ്യേണമേ. പുണ്യമുണ്ടാക്കുന്ന അവിടുത്തെ തിരുശരീരത്തിന്റെയും, തിരുരക്തത്തിന്റെയും, സംബന്ധം മൂലം പാപത്തിന്റെ എല്ലാ മുൾപടർപ്പുകളും ഇവരിൽ നിന്നും ദഹിച്ച് പോകുമാറാകേണമെ. വിലമതിയാവതല്ലാത്ത തിരുശരീരരക്തങ്ങൾ ഞങ്ങൾക്ക് ജീവന്റെ പുളിമാവും, നിത്യജീവന്റെ അച്ചാരവുമായി ഭവിക്കേണമെ. ഞങ്ങൾ എല്ലാവരും മതിവരാതെ നിന്റെ സന്നിധിയിൽ നിന്നുകൊണ്ട് നിനക്കും നിന്റെ പിതാവിനും, നിന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും പാടുമാറാകേണമെ.

കുലഹൻ യൌമോ സോദുഹായെ ദലവോലംവൊൽമീൻ **ആമേൻ.**

**ഹൂത്താമ്മ**

+ ദൈവമായ കർത്താവ് നിങ്ങളെ അനുഗ്രഹിച്ച് തന്റെ കൃപയാൽ സകല ശത്രുക്കളിൽ നിന്ന് നിങ്ങളെ കാത്ത് വിടുവിച്ച് സ്വർഗ്ഗരാജ്യത്തിലേക്ക് നിങ്ങളെ വഴി നടത്തുമാറാകട്ടെ !

**ആശീർവ്വാദം**

(മാതാപിതാക്കളും ജ്ഞാനമാതാപിതാക്കളും ഇരിക്കുന്നു. സ്ഥാനാർത്ഥികൾ എല്ലാവരും എഴുന്നേൽക്കുന്നു. ഓരോരുത്തരായിവന്ന് മുട്ടുകുത്തുമ്പോൾ സ്ഥാനാർത്ഥിയുടെ തലയിൽ വലതുകരം വച്ച്)

+++ പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ത്രിയേക ദൈവത്തിന്റെ കൃപയാൽ നിനക്ക് ലഭിച്ച കൃപാവരത്തെ ജ്വലിപ്പിച്ച് തന്നോടുള്ള സംസർഗ്ഗത്തിൽ നിത്യതയോളം നിലനിൽക്കുവാൻ കാരുണ്യവാനായ ദൈവം നിന്നെ സഹായിക്കുമാറാകട്ടെ.

സ്ഥാനാർത്ഥികൾ ................................ **ആമേൻ.**

(സ്ഥാനാർത്ഥിയുടെ വലതുകരം പിടിച്ച് എഴുന്നേൽപ്പിച്ച് വേദപുസ്തകവും, കത്തിച്ച മെഴുകുതിരിയും കൊടുക്കുന്നു.)

## പ്രതിഷ്ഠാ ഗാനം

(എല്ലാവരും ചേർന്ന്)

1. ആത്മ ദേഹി ദേഹത്തെ–കാഴ്ചയായ് വെക്കുന്നിതാ
   നിൻ മുമ്പിൽ ഞാൻ, യേശുവേ–എന്നും നിൻവക ആവാൻ

      പീഠത്തിന്മേൽ എന്നെ ഞാൻ–വെച്ചു തീയ്ക്കായ് കാക്കുന്നു
      കാത്തു കാത്തിരിക്കുന്നേ തീ ഇറങ്ങാൻ നോക്കുന്നു

2. യാഗ പീഠത്തിൽ നാഥാ–ഞാൻ സമസ്തം നിൻ സ്വന്തം
നിന്റേതായ് കാത്തീടുക–കുലുങ്ങാതെൻ വിശ്വാസം– *പീഠത്തിന്മേൽ......*

3. യേശുവേ എൻ രക്ഷകാ നിൻനാമം എന്നാശ്രയം
രക്ഷയ്ക്കായ് നോക്കുന്നിതാ–നിൻ മൊഴി എൻ ശരണം– *പീഠത്തിന്മേൽ......*

4. ദൈവ സേവ ചെയ്‌വാനും–ജയമോടു പാപത്തെ
കാൽക്കീഴിൽ മെതിപ്പാനും തൃക്കൈയ്യിൽ ഏല്പിക്കുന്നേ– *പീഠത്തിന്മേൽ......*

പോകുവീൻ, അന്ധകാരം നിറഞ്ഞ ഈ ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുക. മരണത്തിന്റെ ശക്തികളോട് എതിരിട്ടു നിൽക്കുക. മരണത്തെ ജയിച്ച കർത്താവ് നിങ്ങളോടു കൂടെ. കർത്താവിന്റെ ജീവനുള്ള ശരീരത്തോട് ഒട്ടിചേർന്ന് മാനസാന്തരത്തിനു തക്ക ഫലം കായ്പ്പീൻ. മെഴുകുതിരിപോലെ ഉരുകി കർത്താവിന്റെ സ്വഭാവം ത്യാഗത്തിലൂടെ ലോകത്തിനു കാണിച്ചുകൊടുക്കുക. Go in peace and serve the Lord.

## പ്രാർത്ഥന, ആശിർവ്വാദം

ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിനാൽ നിങ്ങൾ അനുഗ്രഹിക്കപ്പെട്ടവരാകുന്നു. ഈ ആത്മീക ശുശ്രൂഷയിൽ വന്നു സംബന്ധിക്കുന്ന നിങ്ങൾ ഏവരേയും ദൈവമായ കർത്താവ് വാഴ്ത്തി അനുഗ്രഹിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ദൈവം, ബലഹീനതകളും കുറവുമുള്ള നമ്മുടെ പ്രാർത്ഥനകൾ ഉന്നതമായ തന്റെ സിംഹാസനത്തിൻ മുൻപാകെ കേൾക്കുകയും കൈക്കൊള്ളുകയും ചെയ്യുമാറാകട്ടെ. **ആമീൻ**